തിരുവനന്തപുരം

7164/എം.എ.ബി1/2023/നി.സെ. 03.05.2023

**ക്വട്ടേഷൻ പരസ്യം**

കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗമായ നിയമസഭാ ഹോസ്റ്റലിൽ വെജ് &നോൺ വെജ് കാന്റീൻ നടത്തുന്നതിനായി കാന്റീനുകൾ നടത്തി പരിചയമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ നിശ്ചിത ഫോറത്തിൽ ക്ഷണിച്ചുകൊള്ളുന്നു. കാന്റീൻ നടത്തുന്നതിനുള്ള അവകാശം ആയത് അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷക്കാലത്തേക്ക് ആയിരിക്കും.

ക്വട്ടേഷനുകൾക്കുള്ള അപേക്ഷാ ഫോറവും നിബന്ധനകളും നിയമസഭാ ഹോസ്റ്റൽ എസ്റ്റേറ്റ് ഓഫീസറിൽ നിന്നും നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്നതാണ്.

നിശ്ചിത ഫോറത്തിലുള്ള ക്വട്ടേഷനുകൾ പൂരിപ്പിച്ച് അപേക്ഷകന്റെ ഇലക്ഷൻ/ആധാർ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പിനൊപ്പം 2023 മേയ് 15-ാം തീയതി വൈകുന്നേരം 3.00 മണിക്കു മുമ്പായി മുദ്ര വച്ച കവറിൽ എസ്റ്റേറ്റ് ഓഫീസർ , നിയമസഭാ ഹോസ്റ്റൽ, നിയമസഭാ സെക്രട്ടേറിയറ്റ്, പാളയം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ഈ മേഖലയിലെ പരിചയം സംബന്ധിച്ച സാക്ഷ്യപത്രം സഹിതം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത തീയതിക്കു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. 2023 മേയ് 17-ാം തീയതി രാവിലെ 11.00 മണിക്ക് ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. കാരണം കൂടാതെ ക്വട്ടേഷനുകൾ മാറ്റി വയ്ക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം നിയമസഭാ സെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

എസ്റ്റേറ്റ് ഓഫീസർ
നിയമസഭാ ഹോസ്റ്റൽ
നിയമസഭാ സെക്രട്ടേറിയറ്റ്
(ഫോൺ: 0471-2512206)

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## നിയമസഭാ ഹോസ്റ്റൽ

### തിരുവനന്തപുരം

നിയമസഭാ ഹോസ്റ്റലിലെ വെജിറ്റേറിയൻ/നോൺ വെജിറ്റേറിയൻ ക്യാന്റീൻ നടത്തിപ്പിന് ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അപേക്ഷാ ഫോറം.

| | | |
|---|---|---|
| 1 | ക്വട്ടേഷൻ സമർപ്പിക്കുന്ന ആളിന്റെ പേര് | - |
| 2 | സ്ഥിരമായ മേൽവിലാസം | - |
| 3 | പ്രാദേശിക മേൽവിലാസം | - |
| 4 | ടെലിഫോൺ നമ്പർ (മൊബൈൽ & ലാൻഡ്) | - |
| 5 | ക്യാന്റീൻ നടത്തിപ്പിൽ മുൻ പരിചയമുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ | - |

അനുബന്ധം 'ബി' യിൽ പറഞ്ഞിരിക്കുന്ന ഭക്ഷണവിഭവങ്ങൾ വിതരണം ചെയ്യുന്നതിന് (നിരക്കുകൾ സമർപ്പിക്കുക ) നിയമസഭാ ഹോസ്റ്റൽ കാന്റീൻ നടത്തിപ്പ് സംബന്ധിച്ച് അനുബന്ധം 'എ' ൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന് ഞാൻ ഇതിനാൽ സമ്മതിക്കുന്നു.

സ്ഥലം          ക്വട്ടേഷൻ സമർപ്പിക്കുന്ന ആളിന്റെ പേരും ഒപ്പും

തീയതി

കുറിപ്പ് - അപേക്ഷാഫോറവും ക്വട്ടേഷനും ഉൾക്കൊള്ളുന്ന മുദ്രവച്ച കവറിന്റെ പുറത്ത് 'നിയമസഭ ഹോസ്റ്റൽ വെജ് & നോൺ വെജിറ്റേറിയൻ ക്യാന്റീൻ കരാറിനായുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

## അനുബന്ധം - എ

## നിയമസഭാ ഹോസ്റ്റൽ ക്യാന്റീനുകൾ നടത്തുന്നതിനുള്ള നിബന്ധനകൾ

1. ക്വട്ടേഷൻ അംഗീകരിക്കപ്പെടുന്ന പക്ഷം , സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ് നിശ്ചയിക്കുന്ന ദിവസം മുതൽ ഒരു വർഷ കാലത്തേയ്ക്ക് ആണ് കരാർ കാലാവധി.
2. അനുബന്ധം 'ബി" യിൽ ചേർത്തിരിക്കുന്ന ഭക്ഷണ വിഭവങ്ങൾ ക്യാന്റീനിൽ വിതരണം ചെയ്യേണ്ടതും ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരവും ശുചിത്വവും കർശനമായി പാലിക്കേണ്ടതുമാണ്.
3. അടുക്കളയും ഇരിപ്പിട സൗകര്യങ്ങളോടെ സജ്ജീകരിച്ച ഭക്ഷണശാലയും , അടങ്ങുന്ന വെജ് & നോൺ വെജിറ്റേറിയൻ ക്യാന്റീനിന്റെ പ്രതിമാസ വാടക 1000 രൂപ (ആയിരം രൂപ മാത്രം) ആയിരിക്കുന്നതാണ്.
4. ഓരോ മാസത്തേയും വാടക മുൻകൂറായി എം.എൽ.എ. ഹോസ്റ്റൽ മാനേജരുടെ പക്കൽ ഒടുക്കേണ്ടതാണ്.
5. ക്യാന്റീനിലെ വിലപിടിപ്പുള്ള സാധനങ്ങളായ ഫർണിച്ചറുകൾ, ഇലക്ട്രിക്കൽ ഫാൻ, ലൈറ്റ് മുതലായവയ്ക്ക് ഉണ്ടായേക്കാവുന്ന നാശനഷ്ടങ്ങൾ, കറന്റ് ചാർജ്, വെള്ളക്കരം എന്നിവ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുക തുടങ്ങിയവയ്ക്ക് കരുതൽ നിക്ഷേപമായി (Security deposit) കരാറുകാരൻ 75,000/- രൂപ (എഴുപത്തയ്യായിരം രൂപ മാത്രം) ഒടുക്കേണ്ടതാണ്. (അപ്രകാരം കുടിശ്ശിക ഈടാക്കുന്നതു മൂലം കരുതൽ നിക്ഷേപത്തിൽ ഉണ്ടാകുന്ന കുറവ് കരാറുകാരൻ നികത്തേണ്ടതുമാണ്)
6. കരുതൽ നിക്ഷേപത്തിന് പുറമേ പാചക വാതക സിലിണ്ടറുകൾക്കായുള്ള ഡെപ്പോസിറ്റായി ഓരോ സിലിണ്ടറിന് 450 രൂപ വീതം ഒടുക്കേണ്ടതാണ്. സിലിണ്ടറുകളുടെ എണ്ണത്തിന് ആനുപാതികമായി ഡെപ്പോസിറ്റ് സംഖ്യയിൽ വ്യത്യാസം വരുന്നതാണ്.
7. ക്യാന്റീനിൽ പ്രത്യേകം സ്ഥാപിച്ചിരിക്കുന്ന മീറ്ററുകളിൽ രേഖപ്പെടുത്തുന്നതനുസരിച്ചുള്ള വൈദ്യുത ചാർജ് , വെള്ളക്കരം എന്നിവ കരാറുകാരൻ അടയ്ക്കേണ്ടതാണ്.
8. ക്യാന്റീനുകൾക്കായി ഫാൻ, വൈദ്യുത ഉപകരണങ്ങൾ, സാനിട്ടറി ഫിറ്റിംഗുകൾ, ശുചീകരണ ഉപകരണങ്ങൾ, കസേര, മേശ തുടങ്ങിയ ഉപകരണങ്ങൾ എന്നിവ കേടുപാട് കൂടാതെ സൂക്ഷിക്കേണ്ടതും കേടുപാടുകൾ സംഭവിച്ചാൽ കരാറുകാരൻ സ്വന്തം ചെലവിൽ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അറ്റകുറ്റപ്പണികൾക്കാവശ്യമായ ചെലവ് കരാറുകാരന്റെ കരുതൽ തുകയിൽ നിന്നും ഈടാക്കുന്നതാണ്.
9. ക്യാന്റീനിൽ സ്ഥാപിച്ചിട്ടുള്ള പാചക വാതക കണക്ഷൻ അടുപ്പുകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾ

യഥാസമയം നിർവ്വഹിച്ച് നൽകുന്നതാണ്.

10. വൃത്തിയുള്ളതും രുചികരവുമായ വ്യത്യസ്ത ഇനം ഭക്ഷണ സാധനങ്ങൾ കഴിവതും നാടൻ വിഭവങ്ങൾ ഓരോ ദിവസവും ക്യാന്റീനിൽ വിൽക്കേണ്ടതാണ്. ഒരേ പദാർത്ഥത്തിൽ നിന്നുള്ളതോ വ്യത്യസ്ത പദാർത്ഥങ്ങളിൽ നിന്നുള്ളതോ ആയ വ്യത്യസ്ത ഇനം രുചികരമായ കറികൾ നൽകേണ്ടതാണ്. പാചകക്കാർ പാചകത്തിൽ കഴിവുള്ളവരായിരിക്കണം.

11. സ്ഥാപനത്തിന്റെ അന്തസ്സിനും യശസ്സിനും അനുസരിച്ചുള്ള സേവനം, ഉന്നത ഗുണനിലവാരമുള്ള ഭക്ഷണ സാധനങ്ങൾ എന്നിവ ലഭ്യമാക്കുമെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

12. ക്യാന്റീൻ ജീവനക്കാർക്ക് കരാറുകാരൻ വെള്ളനിറത്തിലുള്ള യൂണിഫോറം , തൊപ്പി, ഷൂസ്, സോക്സ്, കൈയ്യുറകൾ എന്നിവ വിതരണം ചെയ്യേണ്ടതും അവർ വൃത്തിയായി വസ്ത്രം ധരിക്കുന്നവരും ആരോഗ്യപരമായി അനുയോജ്യരുമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. (നഖങ്ങൾ വൃത്തിയായി വെട്ടേണ്ടതും മുടിവെട്ടേണ്ടതും ഷേവ് ചെയ്യേണ്ടതും കൈയ്യുറകൾ ധരിക്കേണ്ടതുമാണ്). ക്യാന്റീനിന്റെ അടുക്കളയും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ക്യാന്റീനിന്റെ തറ സദാ സമയവും വൃത്തിയുള്ളതും ഉണങ്ങിയതുമായിരിക്കേണ്ടതാണ്. ആഹാരം വിളമ്പുന്ന പാത്രങ്ങൾ കഴുകിയശേഷം ഹീറ്റർ ഉപയോഗിച്ച് ചൂടാക്കേണ്ടതാണ് . ക്യാന്റീൻ ശുചിത്വം അത്യാവശ്യമായി നിലനിർത്തേണ്ടതാണ്.

13. പാചകം ചെയ്യുന്നതിനും വിളമ്പുന്നതിനുമായി ക്യാന്റീനിലേയ്ക്ക് ആവശ്യമായ എല്ലാ പാത്രങ്ങളും കരാറുകാരൻ സ്വന്തം ചെലവിൽ ഏർപ്പാട് ചെയ്യേണ്ടതാണ്.

14. നിയമസഭാംഗങ്ങൾ/ജീവനക്കാരിൽ നിന്നും ഈടാക്കുന്ന ഭക്ഷണ സാധനങ്ങളുടെ അംഗീകരിക്കപ്പെട്ട വിലവിവരപ്പട്ടിക ഭക്ഷണമുറിയിൽ ഉചിതമായ സ്ഥലത്ത് വ്യക്തമായി പ്രദർശിപ്പക്കേണ്ടതാണ്.

15. നിയമസഭാ സെക്രട്ടേറിയറ്റിൽ രേഖാമൂലമുള്ള അനുമതിയില്ലാതെ ഭക്ഷണ സാധനങ്ങളുടെ അംഗീകരിക്കപ്പെട്ട വിലയിൽ യാതൊരു കാരണവശാലും വർദ്ധനവ് വരുത്താൻ പാടുള്ളതല്ല.

16. ക്യാന്റീനിന്റെ പ്രവർത്തനത്തോടൊപ്പം വിവിധങ്ങളായ പഴവർഗ്ഗങ്ങളുടെ ജ്യൂസ് നൽകുന്നതിനുള്ള ജ്യൂസ് കൗണ്ടറും പ്രവർത്തിപ്പിക്കേണ്ടതാണ്.

17. നിയമസഭാംഗങ്ങൾക്കോ അല്ലാത്തവർക്കോ ഭക്ഷണം നൽകിയതുമൂലം കിട്ടാനുള്ള പണം കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ തന്നെ വാങ്ങേണ്ടതാണ്.

18. എല്ലാ ദിവസവും രാവിലെ 6.00 മണി മുതൽ രാത്രി 10 മണിവരെ ഭക്ഷണ സാധനങ്ങൾ ക്യാന്റീനിൽ ലഭ്യമാക്കേണ്ടതാണ് . അവധി ആവശ്യമുള്ള പക്ഷം മുൻകൂട്ടി എസ്റ്റേറ്റ് ഓഫീസറുടെ അനുമതി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

19. ക്യാന്റീനിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി എസ്റ്റേറ്റ് ഓഫീസർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഫൈൻ ഉൾപ്പെടെയുള്ള നടപടി കൈക്കൊള്ളുന്നതാണ്.

20. കരാർ കാലാവധി അവസാനിക്കുന്നതിന് മുമ്പായി മുൻകൂർ നോട്ടീസ് നൽകാതെ തന്നെ കരാർ റദ്ദാക്കുന്നതിന് ഹൗസ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബഹു. സ്പീക്കർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

21. ക്യാന്റീനിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കാണുന്നപക്ഷം ക്യാന്റീൻ നടത്തുന്നതിന് നൽകിയ അനുവാദം മുന്നറിയിപ്പ് ഇല്ലാതെ തന്നെ റദ്ദാക്കുന്നതായിരിക്കും.

22. റൂം സർവ്വീസിന് ബിൽ തുകയുടെ 10% അധികം സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്.

23. ഭക്ഷണം ഓർഡർ ചെയ്ത് കഴിഞ്ഞാൽ ചായ , ലഘുഭക്ഷണങ്ങൾ എന്നിവ 10 മിനിട്ടിനകവും മറ്റ് ഭക്ഷണ സാധനങ്ങൾ 15 മിനിട്ടിനകവും റൂമുകളിൽ എത്തിക്കേണ്ടതാണ്.

24. ഭക്ഷണം ടെലിഫോണിലൂടെ ഓർഡർ ചെയ്യുമ്പോൾ ഓർഡർ ചെയ്ത സമയം , ഭക്ഷണം കാന്റീനിൽ നിന്ന് കൊണ്ടുപോയ സമയം എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനായി ഓർഡർ രജിസ്റ്റർ കാന്റീനിൽ സൂക്ഷിക്കേണ്ടതാണ്.

അനുബന്ധം - ബി

## വിലവിവരപ്പട്ടിക

## വെജ് & നോൺ വെജ് കാന്റീൻ

| ക്രമ നം. | ഇനം | വില | |
|---|---|---|---|
| | | നിയമസഭാംഗങ്ങൾ/ ജീവനക്കാർ | പൊതുജനങ്ങൾ |
| 1) | ചായ | | |
| 2) | ബ്രൂ കോഫി | | |
| 3) | ബനാന ഫ്രൈ | | |
| 4) | ഹോർലിക്സ് | | |
| 5) | ബൂസ്റ്റ് | | |
| 6) | ഗ്രീൻ ടീ | | |
| 7) | ബ്ലാക്ക് ടീ | | |
| 8) | ലെമൺ ടീ | | |
| 9) | പൊറോട്ട | | |
| 10) | പൂരി | | |
| 11) | ദോശ | | |
| 12) | ഇഡ്ഡലി | | |
| 13) | ഉപ്പ്മാവ് | | |
| 14) | ചപ്പാത്തി | | |
| 15) | മസാല ദോശ | | |
| 16) | ഗീ റോസ്റ്റ് ദോശ | | |
| 17) | ഉഴുന്നുവട | | |
| 18) | വെജ്. കുറുമ | | |
| 19) | കടല കറി | | |
| 20) | ഗ്രീൻ പീസ് കറി | | |
| 21) | എഗ്ഗ് കറി | | |
| 22) | എഗ്ഗ് കുറുമ | | |
| 23) | വെജ്. ഓൾ ഐറ്റംസ് | | |
| 24) | ഓംലെറ്റ് (ഡബിൾ) | | |

| | | | |
|---|---|---|---|
| 25) | ഫിഷ് കറി | | |
| 26) | ബ്രഡ് ടോസ്റ്റ് | | |
| 27) | സാൻഡ്‌വിച്ച് | | |
| 28) | ഇലയട (ചിക്കൻ, ബീഫ്, ഷുഗർ) | | |
| 29) | കപ്പ | | |
| 30) | കപ്പ ബിരിയാണി ബീഫ് | | |
| 31) | കൊഴുക്കട്ട | | |
| 32) | ചട്ടി പത്തിരി | | |
| 33) | കയ്യ് പോല | | |
| 34) | ഉന്ന കായ് | | |
| 35) | അവിൽ | | |
| 36) | ബനാന | | |
| 37) | മീൽസ് | | |
| 38) | ചിക്കൻ ബിരിയാണി | | |
| 39) | ബീഫ്  ബിരിയാണി | | |
| 40) | എഗ്ഗ് ബിരിയാണി | | |
| 41) | വെജ്. ബിരിയാണി | | |
| 42) | കട ബിരിയാണി | | |
| 43) | ഫിഷ് ബിരിയാണി | | |
| 44) | മട്ടൻ ബിരിയാണി | | |
| 45) | ഇറച്ചി ചോർ | | |
| 46) | കുഷ്ക്ക | | |
| 47) | ബീഫ് മസാല | | |
| 48) | ബീഫ് റോസ്റ്റ് | | |
| 49) | ബീഫ്  ചില്ലി | | |
| 50) | ബീഫ് ഫ്രൈ | | |
| 51) | ചിക്കൻ ഫ്രൈ | | |
| 52) | ചിക്കൻ ചില്ലി | | |

| | | | |
|---|---|---|---|
| 53) | ചിക്കൻ കണ്ടരി | | |
| 54) | ചിക്കൻ വറട്ട് | | |
| 55) | ചിക്കൻ മസാല | | |
| 56) | ചിക്കൻ വറുത്തരച്ചത് | | |
| 57) | ചിക്കൻ 65 | | |
| 58) | സുഗിയൻ | | |
| 59) | എലാച്ചി | | |
| 60) | ഫിഷ് പൊള്ളിച്ചത് | | |
| 61) | ഫിഷ് കുറുമ | | |
| 62) | ഫിഷ് മോളി | | |
| 63) | ഫിഷ് ചില്ലി | | |
| 64) | ഫിഷ് 65 | | |
| 65) | ഫിഷ് വറ്റിച്ചത് | | |
| 66) | ഗോതമ്പ് ആട്ട കഞ്ഞി | | |
| 67) | ചിക്കൻ സൂപ്പ് | | |
| 68) | വെജ് സൂപ്പ് | | |
| 69) | മട്ടൻ സൂപ്പ് | | |
| 70) | ഇല പൊറോട്ട | | |
| 71) | റാഗി പുട്ട് | | |
| 72) | കാരറ്റ് പുട്ട് | | |
| 73) | ഗോതമ്പ് പുട്ട് | | |
| 74) | ഇടിയപ്പം | | |
| 75) | നെയ്യപ്പം | | |
| 76) | നെയ്യ് പതിൽ | | |
| 77) | ഗീ റൈസ് | | |